"ഭരണഭാഷ- മാതൃഭാഷ"

**ബാനിംഗ് ഓഫ് അൺറഗുലേറ്റഡ് ഡെപ്പോസിറ്റ് സ്കീംസ് ആക്ട് 2019, 13(5) വകുപ്പ് പ്രകാരമുള്ള കോംപീറ്റന്റ് അതോറിറ്റി & അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നടപടിക്രമങ്ങൾ**

**(ഹാജർ: ശ്രീ ബിശ്വനാഥ് സിൻഹ ഐ.എ.എസ്)**

**ആഭ്യന്തര (എസ്.സി) വകുപ്പ്**

---

എസ്.സി.3/120/2023-ആഭ്യന്തരം തീയതി, തിരുവനന്തപുരം (29-10-2024)

---

വിഷയം:-

ആഭ്യന്തര വകുപ്പ്- M/s ധനകോടി പ്രൈവറ്റ് ലിമിറ്റഡ്, കുറ്റ്യാടി എന്ന സ്ഥാപനത്തിന്റെ നശിക്കുന്ന വസ്തുക്കളും/സ്വത്തുക്കളും ബഡ്സ് ആക്ടിലെ സെക്ഷൻ 13(5) പ്രകാരം ഉടനടി വിൽപ്പന നടത്തുവാൻ ജില്ലാ കളക്ടർക്ക് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

സൂചന: -

1. 26-08-2023 തീയതിയിലെ SC3/120/2023/ആഭ്യന്തരം നമ്പർ നടപടിക്രമങ്ങൾ.

2. 27.06.2024 തീയതിയിലെ ക്രൈം ബ്രാഞ്ച് EoW കോഴിക്കോട് & വയനാട് യൂണിറ്റ് ഡെപ്യൂട്ടി സൂപ്രണ്ട് കാര്യാലത്തിലെ 259/EOW KKD&WYD/24 നമ്പർ കത്ത്.

<u>ഉത്തരവ്</u>

M/s ധനകോടി പ്രൈവറ്റ് ലിമിറ്റഡ്, കുറ്റ്യാടി എന്ന ചിട്ടി സ്ഥാപനത്തിനെതിരെ സൂചന (1) പ്രകാരം അറ്റാച്ച്മെന്റ് നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. കേസ്സിന്റെ അന്വേഷണത്തിനിടെ കേസ്സിലുൾപ്പെട്ട സ്ഥാപനമായ ധനകോടി ചിറ്റസ് കുറ്റ്യാടി ബ്രാഞ്ച് ഓഫീസ് സ്ഥിതി ചെയ്യുന്ന കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് വാർഡ് 5 കെട്ടിട നമ്പർ 1381 നമ്പർ മുറി ക്രൈം ബ്രാഞ്ച് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം കണ്ണൂർ റെയിഞ്ച് പോലീസ് സൂപ്രണ്ട് അധികാരപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിന്റെ അന്വേഷണ ഉദ്യോഗസ്ഥൻ 27.06.2024 തീയ്യതിയിൽ സാക്ഷികളുടെ സാന്നിധ്യത്തിൽ തുറന്ന് പരിശോധിച്ചതിൽ Inventory പ്രകാരം റൂമിൽ നിന്നും 1 മുതൽ 14 കൂടിയ മുതലുകൾ പരിശോധിച്ച് തിട്ടപെടുത്തിയിട്ടുള്ളതാണ്. ടി മുതലുകൾ കെട്ടിടത്തിൽ തന്നെ സൂക്ഷിച്ചിട്ടുള്ളതും, കെട്ടിടം പൂട്ടി സിൽ ചെയ്ത് താക്കോൽ കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ഏൽപ്പിച്ചിട്ടുള്ളതാണെന്നും നിക്ഷേപകരുടെ പണം ഉപയോഗിച്ച് ടി സ്ഥാപനത്തിന്റെ കുറ്റ്യാടി ഓഫീസിൽ വാങ്ങിയതായ മുതലുകൾ Section 13 of Buds Act പ്രകാരമുള്ള അറ്റാച്ച് നടപടികൾ സ്വീകരിച്ച് ലേലം ചെയ്ത് നിക്ഷേപകർക്ക് നഷ്ടപ്പെട്ടതായ പണം തിരികെ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഡെപ്യൂട്ടി സൂപ്രണ്ട് ക്രൈം ബ്രാഞ്ച് EoW കോഴിക്കോട് & വയനാട് യൂണിറ്റ്

സൂചന (2) പ്രകാരം അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും സൂചന (2) ലെ ഇൻവെന്ററി പ്രകാരം സീൽ ചെയ്ത കെട്ടിടത്തിലെ റൂമിൽ നിന്നും 1 മുതൽ 14 കൂടിയ മുതലുകൾ (അനുബന്ധമായി ചേർക്കുന്നു) നശിച്ചു പോകാവുന്ന/മൂല്യത്തകർച്ച ഉണ്ടാവാൻ സാധ്യതയുള്ള ഇനത്തിൽപ്പെടുന്ന മുതലുകളാണ് എന്നുള്ള സാഹചര്യത്തിൽ, ബഡ്സ് ആക്ടിലെ സെക്ഷൻ 13(5) പ്രകാരം ഉടനടി വിൽപ്പന നടത്തുവാൻ കോഴിക്കോട് ജില്ലാ കളക്ടറിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇൻവെന്ററിയിലെ മുതലുകൾ ജില്ലാ കളക്ടർക്ക് കൈമാറുന്നതിന് കോഴിക്കോട് ജില്ലാ പോലീസ് മേധാവി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ബിശ്വനാഥ് സിൻഹ

ഉത്തരവിൻ പ്രകാരം

Signed by
Prameela K Nair
Date: 29-10-2024 11:12:41

സെക്ഷൻ ഓഫീസർ

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ക്രൈംസ്)
ജില്ലാ കളക്ടർ, കോഴിക്കോട്
ജില്ലാ പോലീസ് മേധാവി, കോഴിക്കോട്
ഡെപ്യൂട്ടി സൂപ്രണ്ട്, ക്രൈം ബ്രാഞ്ച് EoW കോഴിക്കോട് & വയനാട് യൂണിറ്റ്
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**<u>അനുബന്ധം</u>**

## മുതൽ വിവരം

| ക്രമ നം. | ഇനം | എണ്ണം |
|---|---|---|
| 1 | സീലിംഗ് ഫാൻ | 3(മൂന്ന്) |
| 2 | വാൾ ഫാൻ | 1(ഒന്ന്) |
| 3 | റിവോൾവിംഗ് ചെയർ | 1 (ഒന്ന്) |
| 4 | ഫൈബർ ചെയർ | 8(എട്ട്) |
| 5 | 'S' type ചെയർ | 1 (ഒന്ന്) |
| 6 | സ്റ്റീൽ ചെയർ | 2(രണ്ട്) |
| 7 | 2 മീറ്റർ ഉയരവുംം 40 സെ.മീറ്റർ വീതിയും 2 ഡോർ ഉള്ളതുമായ സ്റ്റീൽ അലമാര | 2 (രണ്ട്) |
| 8 | പ്ലൈവുഡിന്റെ ടോപ്പോടുകൂടിയ സ്റ്റീൽ മേശ | 1 (ഒന്ന്) |
| 9 | 2.9 മീറ്റർ നീളവും 60 സെ.മീറ്റർ വീതിയും 7 സെ.മീറ്റർ ഉയരവുമുള്ള 'L' Shape പ്ലൈവുഡ് മേശ | 1 (ഒന്ന്) |
| 10 | 2.45 മീറ്റർ നീളവും 60 സെ.മീറ്റർ വീതിയും 75 സെ.മീറ്റർ ഉയരവും ഉള്ള പ്ലൈവുഡിന്റെ മേശ | 1 (ഒന്ന്) |
| 11 | 1.25 മീറ്റർ നീളവും 60 സെ.മീറ്റർ വീതിയും 75 സെ.മീറ്റർ ഉയരവും ഉള്ള പ്ലൈവുഡിന്റെ മേശ | 1 (ഒന്ന്) |
| 12 | Acer Moniter (Computer) | 1 (ഒന്ന്) |
| 13 | Logitech Keypad | 1 (ഒന്ന്) |
| 14 | SD/TF എന്ന് കാണുന്ന ഹാർഡ് വെയർ ഇല്ലാത്ത CPU | 1 (ഒന്ന്) |